**"ഭരണഭാഷ-മാതൃഭാഷ"**

നമ്പർ.WCD-E3-5884/2022

വനിതാ ശിശുവികസനഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി.: 06.06.2022
ഇമെയിൽ:directoratewcd.kerala.gov.in
ഫോൺ നം.0471-2346534

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും.

സർ,

വിഷയം: വനിതാ ശിശുവികസന വകുപ്പ്- ജീവനക്കാര്യം-വകുപ്പിലെ ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നത് - സംബന്ധിച്ച്-

സൂചന: 12.05.2022ലെ വശിവിവ-ബി2/57/2022/വശിവിവ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിത കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അതിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ തക്ക പ്രാവീണ്യമുള്ള ഒരു വർക്ക് ഫോഴ്സ് ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതിൻ പ്രകാരം ഡൊമസ്റ്റിക് വയലൻസ്, അബ്യൂസ് തുടങ്ങിയ വിഷയങ്ങൾ റിസർച്ച് ചെയ്ത് ഡോക്ടറേറ്റുള്ള ഐസിഡിഎസ് സൂപ്പർവൈസർമാർ, പ്രസ്തുത വിഷയവുമായി നല്ല പരിചയമുള്ള സിഡിപിഒ മാർ, വനിത ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ അന്യത്ര സേവന വ്യവസ്ഥയിൽ വനിത കമ്മീഷനിൽ നിയമിക്കുന്നതിനായി ശുപാർശ നൽകാൻ സൂചന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ താങ്കളുടെ കാര്യാലയത്തിന് കീഴിലുള്ള മേൽ പരാമർശിച്ചിട്ടുള്ള വിഷയത്തിൽ പ്രാവീണ്യം നേടിയ ജീവനക്കാരുടെ വിശദവിവരം (ജീവനക്കാരിയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, സർവ്വീസ് ദൈർഘ്യം തുടങ്ങിയവ) അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. സർക്കാരിലേയ്ക്ക് അടിയന്തിരമായി മറുപടി ലഭ്യമാക്കേണ്ടതിനാൽ സമയക്ലിപ്തത പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി**